## മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം.
## തിരുവനന്തപുരം

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കാസറഗോഡ് ജില്ല - പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് - പെരിയ വില്ലേജ് - പെട്രോൾ പമ്പ് നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1) പുല്ലൂർ- പെരിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11/12/19-ലെ SC3/6448/19 നമ്പർ കത്ത്.

2) കാസറഗോഡ് ടൗൺ പ്ലാനറുടെ 07/01/2020-ലെ TCPKSD/910/2019-C നമ്പർ കത്ത്.

---

കെട്ടിട നിമ്മാണ അപേക്ഷ വിഭാഗം.

ഉത്തരവ് നം TCPCTP/74/2020-D1 തീയതി : **03/02/2020**

---

കാസറഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പെരിയ വില്ലേജിൽ റീ സർവ്വേ നമ്പർ 444/2B-ൽ പ്പെട്ട 80.94 Are സ്ഥലത്ത് 499 Sq.m. (Sales building - 60 sq.m + Toiletblock 10 sq.m + Canopy + 429 sq.m ) വിസ്തീർണ്ണമുള്ള Group-I occupancy-യിൽ പ്പെട്ട പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. അബ്ദുൾ നൗഫൽ മുതൽ പേരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1) കെ.പി.ബി.ആർ. 2011-ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവ പഞ്ചായത്ത് സെക്രട്ടറിപരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

2) നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

3) ഉപരിതല ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയവും പര്യാപ്തവുമായ സജ്ജീകരണം ഒരുക്കേണ്ടതാണ്.

4) അപേക്ഷകൻ അനുബന്ധ ഏജൻസികളിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കണം.

5) കെ.പി.ബി.ആർ. 2011 ചട്ടം 61(17) പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ഫലമായി ഉത്പാദിപ്പിക്കപ്പെടുന്ന മലിന ജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുത്പാദനത്തിനും, പുനരുപയോഗത്തിനും പ്രത്യേകമായി വ്യവസ്ഥ ചെയ്യേണ്ടതാണ്.

6) Petroleum Rules 1976 സംബന്ധിച്ച KPBR 2011-ലെ ചട്ടം 61(10) പാലിച്ചിട്ടുണ്ടെന്ന് നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുൻപ് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 17/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരുസൈറ്റ് പ്ലാൻ

ജയശ്രീ. പി.ആർ,
ടൗൺ പ്ലാനർ

സെക്രട്ടറി, പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത്, ഹരിപുരം, കാസറഗോഡ്.

പകർപ്പ് : 1) അബ്ദുൾ നൗഫൽ.പി, അബ്ദുൾ ബഷീർ CB,ചിത്താരി മുഹമ്മദ്,
മല്ലമ്പലം അബ്ദുൾ റഹ്മാൻ,
ബെൻഗാചേരി ഹൗസ്, നോർത്ത് ചിത്താരി,
ചിത്താരി PO, കാസറഗോഡ്- 671316.

2) ടൗൺ പ്ലാനർ, കാസറഗോഡ്.

3)വെബ് സൈറ്റ്. 4) കരുതൽ ഫയൽ. 5) അധികം.